File No.FWLD-B2/139/2018-FWLD

12848
4/7/18

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് -കൂടൽ മാണിക്യം ദേവസ്വത്തിന് ചന്ദനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ) നം.321/2018/വനം തീയതി,തിരുവനന്തപുരം, 30/06/2018

---

പരാമർശം:- 1 13/6/2007-ലെ സ.ഉ(എം.എസ്) 39/07/വനം നമ്പർ സർക്കാർ ഉത്തരവ്.

2 കൂടൽ മാണിക്യം ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 5/8/2017-ലെ KMD4/210/2010 നമ്പർ കത്ത്.

3 പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്)-ന്റെ 8/6/2018-ലെ കത്ത്.

<u>ഉത്തരവ്</u>

ഇരിങ്ങാലക്കുട കൂടൽ മാണിക്യം ക്ഷേത്രം ദേവസ്വം, ക്ഷേത്രത്തിൽ കളഭം ചാർത്തൽ തുടങ്ങി നിത്യനിദാന ആവശ്യങ്ങൾക്കായി പ്രതിവർഷം 100 കിലോഗ്രാം ചന്ദനം ഉപയോഗിച്ചുവരുന്നതായും ആയതിലേയ്ക്കായി ടി ക്ഷേത്രത്തിന് 100 കിലോഗ്രാം ചന്ദനം അനുവദിക്കണമെന്നും പരാമർശം 2) പ്രകാരം ദേവസ്വം അഡ്മിനിസ്ട്രേറ്റർ അപേക്ഷിച്ചിട്ടുള്ളതായി പരാമർശം 3) പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻ ഡ് & റിസോഴ്സസ്) അറിയിച്ചിട്ടുണ്ട്. ക്ലാസ് V ഗാട് ബദല, ക്ലാസ് V I ബഗ്രദാദ് ഇനത്തിൽപ്പെട്ട 1 0 0 കിലോഗ്രാം ചന്ദനത്തിന്റെ സ്റ്റോക്ക് നിലവിലുള്ളതായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മറയൂർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും, പരാമർശം 1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കൂടൽ മാണിക്യം ദേവസ്വം ക്ഷേത്രം ആവശ്യപ്പെട്ട അളവ് ചന്ദനം അനുവദിക്കാവുന്നതാണെന്നും പരാമർശം 3) പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) ശുപാർശ ചെയ്തിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം പരാമർശം 3)-ലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺ സർ വേറ്റർ (ഫോറസ്റ്റ്, ലാൻ ഡ് & റിസോഴ്സസ്)-ന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച്, ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം

1) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കൂടൽ മാണിക്യം ക്ഷേത്രാവശ്യത്തിനായി ക്ഷേത്രം ദേവസ്വം ആവശ്യപ്പെട്ട 100 കിലോഗ്രാം ചന്ദനം അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്)-ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനില് കുമാര്.വി.എസ്.
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്),
ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.
കൂടൽമാണിക്യം ദേവസ്വം, ഇരിങ്ങാലക്കുട, പിൻ-680 121, തൃശ്ശൂർ ജില്ല.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മറയൂർ.

പ്രിൻസിപ്പൽ & അക്കൗണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
V Beena
സെക്ഷൻ ഓഫീസർ